പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2206 — 10.10.2011- ലെ മറുപടി

## സർവ്വീസ് കാര്യക്ഷമമാക്കുന്നതിന് നടപടി

ചോദ്യം — ഉത്തരം

ശ്രീ. സണ്ണി ജോസഫ്

ശ്രീ. വി.എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ബസ്സുകൾ ലാഭകരമായി സർവ്വീസ് നടത്തുന്നതിന് ഒരു കിലോ മീറ്ററിൽ നിന്നും മിനിമം എത്ര രൂപ ലഭിക്കണമെന്ന് വ്യക്തമാക്കുമോ ; | (എ) | ആഗസ്റ്റ് മാസത്തെ കണക്കുപ്രകാരം കെ.എസ്.ആർ.ടി.സി. ബസ്സുകൾ ലാഭകകരമായി സർവ്വീസ് നടത്തുന്നതിന് ഒരു കി.മീറ്ററിന് 35.79 രൂപയ്ക്ക് മുകളിൽ വരുമാനം ലഭിക്കണം. |
| (ബി) | ഇത്തരത്തിൽ (ഇ.പി.കെ.എം) ഒരു കിലോ മീറ്ററിൽ നിന്നു ലഭിക്കുന്ന ശരാശരി വരുമാനം എത്രയാണ് ; | (ബി) | ആഗസ്റ്റ് മാസത്തെ കണക്ക് പ്രകാരം ശരാശരി 25.40 രൂപ (EPKM) ലഭിച്ചിട്ടുണ്ട്. |
| (സി) | വരുമാനം മെച്ചപ്പെടുത്തുവാനും ചെലവുകൾ കുറയ്ക്കുവാനും കെ.എസ്.ആർ.ടി.സി. സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ? | (സി) | വരുമാനം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി കിലോമീറ്റർ പ്രതി വരുമാനം 20 രൂപയ്ക്ക് താഴെയുള്ള 540 ഷെഡ്യൂളുകൾ ഇതിനകം പുനഃക്രമീകരിച്ചിട്ടുണ്ട്. ഇതിലൂടെ പുനഃക്രമീകരിച്ച സർവ്വീസുകൾക്ക് മെച്ചപ്പെട്ട വരുമാനം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കൂടുതൽ വരുമാനം ലക്ഷ്യമിട്ട് പ്രതിവർഷം 1000 പുതിയ ബസ് നിരത്തിലിറക്കി ശരാശരി 600 ഓളം പുതിയ സർവ്വീസുകൾ ആരംഭിക്കാൻ പദ്ധതിയുണ്ട്. യാത്രക്കാരുടെ സൗകര്യാർത്ഥവും വരുമാനം മെച്ചപ്പെടുത്തുന്നതിലേയ്ക്കുമായി ഓൺലൈൻ റിസർവേഷൻ |

സൗകര്യം വ്യാപമാക്കുന്നതിനും ഉദ്ദേശമുണ്ട്. ടിക്കറ്റിതര വരുമാനം ലക്ഷ്യമിട്ട് കെ.എസ്.ആർ.ടി.സി.യുടെ ഒട്ടേറെ ഡിപ്പോകളിൽ ഷോപ്പിംഗ് കോംപ്ലക്സുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു: കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിലേക്കായി ദീർഘദൂര, അന്തർ സംസ്ഥാന ദീർഘദൂര സർവ്വീസുകളുടെ പഴയ ബസ്സുകൾ മാറ്റി പുതിയ സൂപ്പർ എക്സ്പ്രസ് എയർ ബസ്സ് നൽകികഴിഞ്ഞിട്ടുണ്ട്. ഈ പ്രവർത്തനങ്ങളിലൂടെ കെ.എസ്.ആർ.ടി.സി.യുടെ വരുമാനം മെച്ചപ്പെടുത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ